പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *293 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **കാമ്പസുകളിൽ ആരോഗ്യകരമായ സ്ത്രീ പുരുഷ സൗഹൃദ സംസ്കാരം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. പി.കെ.ബഷീർ**<br>**" എൻ.എ.നെല്ലിക്കുന്ന്**<br>**" വി.എം.ഉമ്മൻ മാസ്റ്റർ**<br>**" പി.ഉബൈദുള്ള** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കാമ്പസുകളിൽ പെൺകുട്ടികൾ കടുത്ത വിവേചനവും മാനസിക പീഡനവും അനുഭവിക്കുന്നുണ്ടെന്ന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇതിനു പരിഹാരമായി പ്രസ്തുത സമിതി മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുമോ ; | (ബി) കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജന്റർ ജസ്റ്റീസ് ഓൺ കാമ്പസസ്' എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) കുടുംബങ്ങളിലും സ്കൂളുകളിലും ആരോഗ്യകരമായ സ്ത്രീ പുരുഷ സൗഹൃദ സംസ്കാരം വളർത്തിയെടുക്കുവാനുള്ള ശാസ്ത്രീയ നടപടികൾ കൈക്കൊള്ളുമോ ? | (സി) കോളേജുകളിലേയും ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവിടങ്ങളിലെയും ആൺ - പെൺ വിദ്യാർത്ഥികൾക്കിടയിൽ ലിംഗനീതി ബോധവും ആരോഗ്യകരമായ ആൺ - പെൺ സൗഹൃദവും വളർത്തുന്നതിനുതകുമാറ് 'കലാലയജ്യോതി' എന്ന പരിപാടി കേരള വനിതാ കമ്മീഷൻ നടത്തി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 2015ൽ പുറപ്പെടുവിച്ച ജെന്റർ ഇക്വാളിറ്റി നയത്തിന്റെ അടിസ്ഥാനത്തിൽ 'തുല്യനീതി-നല്ലനാട്' എന്ന പേരിൽ ഒരു പ്രചാരണ പ്രവർത്തനത്തിന് 25.11.2015 ൽ തുടക്കം കുറിച്ചിട്ടുണ്ട്. കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജന്റർ ജസ്റ്റീസ് ഓൺ കാമ്പസസ്' എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ